ഉത്തരം

(എ) ഉണ്ട്.

(ബി) 18-1-1996-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം.14/96/പൊ.വി. പ്രകാരം സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന് ഇത് സംബന്ധിച്ച് ഫണ്ടോ പദ്ധതികളോ നിലവിലില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആണ് അതത് സ്ഥലങ്ങളിലെ സ്കൂളുകളിലെ ആവശ്യം പരിഗണിച്ച് വിഭവങ്ങൾ വിനിയോഗിക്കുന്നത്.

സംസ്ഥാനത്തെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

50 (2053) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഒ.ബി.സി. വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കാൻ എത്ര രൂപ ചെലവ് വരുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ഉന്നയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ-ഡി) ഇല്ല.

പിന്നോക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ആനുകൂല്യമുള്ള പദ്ധതികൾ

51 (2055) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യവും സ്കോളർഷിപ്പും മറ്റ് ക്ഷേമങ്ങളുമായി നൂറ് ശതമാനം ചെലവും സംസ്ഥാനം വഹിക്കുന്ന എത്ര പദ്ധതികൾ നിലവിലുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മേൽ പദ്ധതികൾക്ക് ഓരോന്നിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തുക അനുവദിച്ചു ; എത്ര തുക

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചു എന്ന് ഇനം തിരിച്ച്, വിഭാഗം തിരിച്ച്, വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യമായും സ്കോളർഷിപ്പായും മറ്റ് ക്ഷേമപരിപാടികൾക്കുമായി നൂറ് ശതമാനവും കേന്ദ്ര സർക്കാർ ചെലവ് വഹിക്കുന്ന എത്ര പദ്ധതികൾ നിലവിലുണ്ട് ; ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ലഭിച്ചു ; ഇതിൽ എത്ര ചെലവാക്കി എന്നതിന്റെ ഇനം, വിഭാഗം, വർഷം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന 25,000 രൂപയ്ക്ക് താഴെ വാർഷികവരുമാനമുള്ള മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റ് പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു.

(ബി)

2005-06	3,53,12,000
2006-07	3,73,12,000
2007-08	4,79,23,700
2008-09	6,66,41,900
2009-10	1,02,58,790
2010-11	6,12,54,575

(സി) ഇല്ല.

(ഡി) പ്രീ-മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് 2008-09 വർഷം മുതലാണ്. അന്ന് മുതലുള്ള ഫണ്ടിന്റെ ലഭ്യതയും ചെലവും ഇനം തിരിച്ച് ചുവടെ രേഖപ്പെടുത്തുന്നു :

വർഷം	ആകെ അർഹരായ കുട്ടികൾ	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ ലഭിച്ച തുക	ആകെ ചെലവഴിച്ച തുക
2008-09	46347	3,49,85,250	1,16,61,750	4,66,47,000	4,66,47,000
2009-10	250912	19,00,65,840	6,33,55,280	25,34,21,120	25,34,21,120
2010-11	364238	27,59,10,285	9,19,70,095	36,78,80,380	36,78,80,380

LIBRARY ARCHIVES Kerala Legislative Assembly